**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1383** **14-03-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ എൽ.പി.എസ്.എ . ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2022 മാർച്ച് 1 മുതൽ ജൂൺ 30 വരെ എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും വിരമിക്കുന്ന എൽ.പി.എസ്.എ . (മലയാളം മീഡിയം) അദ്ധ്യാപകരുടെ എണ്ണം, എൽ.പി.എസ്.എ. തസ്തികയിലുള്ള പി.ഡി. അദ്ധ്യാപകരുടെ എണ്ണം എന്നിവ അറിയിക്കാമോ; | (എ) | 2022 മാർച്ച് 1 മുതൽ ജൂൺ 30 വരെ എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും എൽ.പി.എസ്.എ (മലയാളം മീഡിയം), പി.ഡി. (എൽ.പി.എസ്.എ) തസ്തികയിലുള്ള 32 അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിക്കുന്നുണ്ട്. |
| (ബി) | 2022 മാർച്ച് മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ എറണാകുളം ജില്ലയിൽ നിന്നും വിരമിക്കുന്ന എൽ.പി.എസ്.എ. തസ്തികയിലുള്ള പ്രധാനാദ്ധ്യാപകരുടെ എണ്ണം അറിയിക്കാമോ; | (ബി) | എറണാകുളം ജില്ലയിൽ 2022 മാർച്ച്, മെയ്, ജൂൺ മാസങ്ങളിൽ വിരമിക്കുന്ന എൽ.പി.എസ്.എ തസ്തികയിലുള്ള പ്രധാനാദ്ധ്യാപകരുടെ എണ്ണം - 42 ആകുന്നു. |
| (സി) | നിലവിൽ എൽ.പി.എസ്.എ. യിലെ എത്ര ഒഴിവുകൾ എറണാകുളം ജില്ലയിൽ നിന്നും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | നിലവിൽ ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | ജില്ലയിലെ 2022 -ലെ എൽ.പി.എസ്.എ. തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ